143 (700) ഓടകൾ സ്ലാബിട്ട് അടയ്ക്കാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വഴുതയ്ക്കാട് വാർഡിലെ എം.പി. അപ്പൻ റോഡിൽ നിന്നാരംഭിച്ച് കണ്ണേറ്റുമുക്ക്, കുരുക്കുവിളാകം വഴി കടന്ന് കിള്ളിയാറിൽ വന്നുചേരുന്ന പ്രധാന ഓടയുടെ വശങ്ങളിൽ താമസിക്കുന്നവർ മാലിന്യങ്ങളും ചപ്പുചവറുകളും ഓടയിലേയ്ക്ക് തള്ളിവിടുന്നതുമൂലം സമീപ പ്രദേശങ്ങളിൽ ദുർഗന്ധവും കൊതുകുശല്യവുംമൂലം നാട്ടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൊതുകുശല്യം പരിഹരിക്കാൻ ഗവണ്മെന്റ് സത്വര നടപടികൾ കൈക്കൊള്ളുമോ;

(സി) ഇതിന്റെ ഭാഗമായി പ്രസ്തുത ഓട സ്ലാബിട്ടുമൂടാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വഴുതയ്ക്കാട്, തൈക്കാട്, ജഗതി, വഴിയശാല എന്നീ നഗരസഭാ ഡിവിഷനുകളിൽക്കൂടി കടന്നുപോകുന്ന എം.പി. അപ്പൻ റോഡിൽ നിന്നാരംഭിച്ച് കിള്ളിയാറ്റിൽ അവസാനിക്കുന്ന - പ്രധാന ഓടയിൽ ഇപ്പോൾ മാലിന്യങ്ങളും, ചപ്പുചവറുകളും കുന്നുകൂടി കിടക്കുന്നില്ല.

(ബി) കൊതുകുശല്യനിവാരണത്തിനായി തിരുവനന്തപുരം നഗരസഭ പവർസ്പ്രേയിംഗ് നടത്താറുണ്ട്.

(സി) ടി ഓട സ്ലാബിട്ടു മൂടുവാനുള്ള നിർദ്ദേശം നഗരസഭ പരിഗണിച്ചുവരുന്നു.

144 (701) ഡ്രെയിനേജ് നികുതി

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത നഗരത്തിലെ കെട്ടിട ഉടമകളിൽനിന്നും ഡ്രെയിനേജ് നികുതി ഈടാക്കുന്നതല്ലെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും ഇപ്പോഴും ഇവരിൽനിന്നും തിരുവനന്തപുരം കോർപ്പറേഷൻ പ്രസ്തുത നികുതി ഈടാക്കുന്നുണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരവാസികളായ ജനങ്ങൾക്ക് ലഭിക്കാത്ത ഒരാനുകൂല്യത്തിന് നികുതി ഈടാക്കുന്നത് ശരിയാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) നീതിക്ക് നിരക്കാത്ത ഈ നടപടി അടിയന്തിരമായി നിർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ),(ബി)&(സി) തിരുവനന്തപുരം നഗരസഭയുടെ എല്ലാ ഭാഗങ്ങളിലും അണ്ടർഗ്രൗണ്ട് ഡ്രെയിനേജോ, സർഫസ് ഡ്രെയിനേജോ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാലാണ് നഗരസഭ നികുതിയിൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 233 പ്രകാരം ഡ്രെയിനേജിനുള്ള നികുതി കൂടി ചേർത്ത് ഈടാക്കുന്നത്. ഇത് പുനഃപരിശോധിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly